# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **2249**

11-02-2020 ൽ മറുപടിയ്ക്ക്

# വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം

ചോദ്യം

ശ്രീ. വി. എസ്. ശിവകുമാർ :

മറുപടി

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി)

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണ പ്രവർത്തനങ്ങളുടെ ആദ്യഘട്ടത്തിൽ ഏതൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് അദാനി ഗ്രൂപ്പ് കരാർ പ്രകാരം നിർവ്വഹിക്കേണ്ടത്; വിശദമാക്കുമോ;

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിന്റെ ആദ്യഘട്ടത്തിൽ കരാർ കമ്പനി നിർവ്വഹിക്കേണ്ട പ്രവർത്തനങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നം. | നിർമ്മാണ പ്രവൃത്തി | പൂർത്തീകരിക്കേണ്ടത് |
|---|---|---|
| 1 | പുലിമുട്ട് | 3100 മീറ്റർ |
| 2 | ഡ്രെഡ്ജിംഗ് & റിക്ലമേഷൻ | 7.1 ദശലക്ഷം ഘനമീറ്റർ |
| 3 | കണ്ടെയ്നർ ബെർത്ത് | 800 മീറ്റർ x 60 മീറ്റർ |
| 4 | കണ്ടെയ്നർ യാർഡ് | 30 ഹെക്ടർ |
| 5 | തുറമുഖത്തിനായിട്ടുള്ള യന്ത്രോപകരണങ്ങൾ (ക്രെയ്നുകൾ, ടഗ്ബോട്ടുകൾ തുടങ്ങിയവ) | കണ്ടെയ്നർ കൈകാര്യം ചെയ്യുന്നതിനുള്ള ക്രെയ്നുകൾ - 8 എണ്ണം<br>ടഗ് ബോട്ടുകൾ - 4 എണ്ണം<br>യാർഡ് ക്രെയിനുകൾ - 24 എണ്ണം |
| 6 | റോഡ് കണക്ടിവിറ്റി | തുറമുഖത്തെ NH66 മായി ബന്ധിപ്പിക്കുന്ന 2km നീളമുള്ള നാലുവരിപ്പാത. |

| | | |
|---|---|---|
| (ബി) | പ്രസ്തുത ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്താണ്; വിശദമാക്കുമോ; | (ബി)യും (സി)യും നാളിതുവരെയുള്ള നിർമ്മാണ പുരോഗതി ചുവടെ ചേർത്തിരിക്കുന്നു. |
| (സി) | 2019 ഡിസംബർ വരെ ഇതിൽ ഓരോ പ്രവൃത്തി യുടെയും എത്ര ശതമാനം പ്രവർത്തന മാണ് പൂർത്തി-യാക്കിയത് ; ശേഷിക്കുന്നവ പൂർത്തിയാക്കുവാൻ ഇനി എത്ര സമയം ആവശ്യമുണ്ടെന്നാണ് കമ്പനി അറിയിച്ചിട്ടുള്ളത്; വിശദമാക്കുമോ? | |

| ക്രമ നമ്പർ | നിർമ്മാണ പ്രവൃത്തി | പൂർത്തീകരി ക്കേണ്ടത് | നാളിതുവരെ പൂർത്തീകരിച്ചത് |
|---|---|---|---|
| 1 | പുലിമുട്ട് | 3100 മീറ്റർ | 20% |
| 2 | ഡ്രെഡ്ജിംഗ് & റിക്ലമേഷൻ | 7.1 ദശലക്ഷം ഘനമീറ്റർ | 40% |
| 3 | കണ്ടെയ്നർ ബെർത്ത് | 800 മീറ്റർ x 60 മീറ്റർ | പൈലിംഗ്, ബീമുകൾ, സ്ലാബുകൾ എന്നിവ യുടെ പ്രീകാസ്റ്റിം ഗ് പണികൾ 100% പൂർത്തീകരിച്ചു. |
| 4 | കണ്ടെയ്നർ യാർഡ് | 30 ഹെക്ടർ | യാർഡിനാവ ശ്യമായ പേവർ ബ്ലോക്കുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. |
| 5 | തുറമുഖത്തിനാ യിട്ടുള്ള യന്ത്രോ പകരണങ്ങൾ (ക്രെയ്നുകൾ, ടഗ്ബോട്ടുകൾ തുടങ്ങിയവ) | കണ്ടെയ്നർ കൈകാര്യം ചെയ്യുന്നതി-നുള്ള ക്രെയ്നുകൾ - 8 എണ്ണം | നിർമ്മാണ കരാർ നൽകിയിട്ടുണ്ട്. |
| | | ടഗ് ബോട്ടുകൾ - 4 എണ്ണം | 3 ടഗ് ബോട്ടുകൾ നിർമ്മാണം പൂർത്തിയായി. മറ്റൊരു ടഗ്ഗിന്റെ നിർമ്മാണം പുരോഗമിക്കുക യാണ്. |
| | | യാർഡ്ക്രെയ്നു കൾ - 24 എണ്ണം | നിർമ്മാണ കരാർ നൽകിയിട്ടുണ്ട്. |
| 6 | റോഡ് കണക്ടിവിറ്റി | 2 k m | നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. |

ഒന്നാംഘട്ട പൂർത്തീകരണത്തിന് ഇനിയെത്ര സമയം ആവശ്യമുണ്ടെന്ന് വ്യക്തമാക്കുന്ന പുതുക്കിയ Project

Completion Schedule കരാർ കമ്പനി നാളിതുവരെ സർക്കാരിന് സമർപ്പിച്ചിട്ടില്ല. കരാർ പ്രകാരം പദ്ധതിയുടെ ആദ്യഘട്ട നിർമ്മാണം 2019 ഡിസംബർ 3 ന് പൂർത്തീകരിക്കേണ്ടതായിരുന്നു. 3 മാസം പിഴ ഇല്ലാതെയും തുടർന്ന് 6 മാസം പിഴയോട്ടുകൂടിയും ക്യൂറിംഗ് പീരീഡിന് കൺസഷൻ കരാറിൽ വ്യവസ്ഥയുണ്ട്. ഇതനുസരിച്ച് 2020 സെപ്റ്റംബർ മാസത്തിൽ കമ്പനി പണി പൂർത്തീകരിക്കേണ്ടതാണ്.

**സെക്ഷൻ ഓഫീസർ**